LIBRARY ARCHIVES Kerala Legislative Assembly

കൊലപാതക കേസുകൾ.

* 1058. [62] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) (1) പനമ്പിള്ളി മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം എത്ര കൊലപാതകകേസുകൾ ഉണ്ടായിട്ടുണ്ടു് ;

(2) എത്ര കേസുകൾ ചാർജ്ജു് ചെയ്യപ്പെട്ടിട്ടുണ്ടു് ;

(ബി) ചാർജ്ജു് ചെയ്യാതെ Undetected ആയിട്ടു് എത്ര എണ്ണം എഴുതിത്തള്ളി ;

(സി) ചേത്തലതാലൂക്കിൽ എത്ര കൊലക്കേസുകൾ ഉണ്ടായിട്ടുണ്ടു് ? കൊല്ലപ്പെട്ടവർ ആരെല്ലാമാണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) (1) 108.
(2) 93.

(ബി) 1. (ഒന്നു്)

(സി) ഒരു കേസും ഉണ്ടായിട്ടില്ല. ചോദ്യം ഉദിക്കുന്നില്ല.

കുടിയേറിപ്പാർപ്പു്.

* 1059. [63] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തുനിന്നും ഇതിനകം എത്ര ആളുകൾ മറ്റു സ്ഥലങ്ങളിലേയ്ക്കു് കുടിയേറിപ്പാർക്കുന്നുണ്ടു് ;

(ബി) അങ്ങനെ പോകുന്ന കുടുംബങ്ങൾക്കു് എന്തു ധനസഹായം ഗവണ്മെൻറു് നൽകുന്നുണ്ടു് ;

(സി) കൂടുതൽ കുടുംബങ്ങളെ കുടിപാർപ്പിനു് മറ്റു രാജ്യങ്ങളിലേയ്ക്കു് അയയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 192 കുടുംബങ്ങൾ ഇതിനകം പോയിട്ടുണ്ടു്.

(ബി) ഈ ഗവണ്മെൻറു് യാതൊരു ധനസഹായവും ചെയ്യുന്നില്ല. എന്നാൽ ടി കുടിയേറ്റം ഇൻഡ്യാഗവണ്മെൻറിൻറെ ചില നിശ്ചിതപദ്ധതിയനുസരിച്ചാണു് നടത്തുന്നതു്. അതിൻപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്കു് ലഭിക്കുന്നുണ്ടു്.

(സി) ഉണ്ടു്.

വിദേശമൂലധനംമുടക്കിയ തേയിലത്തോട്ടങ്ങൾ.

* 1060. [64] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹെൽത്തു് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വിദേശമൂലധനം മുടക്കിയിട്ടുള്ള തേയിലത്തോട്ടങ്ങൾ എത്രയെണ്ണം ഉണ്ടു് ;